ഉത്തരം

1981-82, 1982-83 കാലയളവിൽ എസ്. എസ്. ഐ. രജിസ്ട്രേഷനുള്ള സംസ്ഥാനത്തെ വ്യവസായസ്ഥാപനങ്ങൾക്ക് വനം വകുപ്പിൽ നിന്നും അനുവദിച്ചു കൊടുത്ത വെള്ളമരത്തിന്റെ കണക്ക് താഴെ പറയും പ്രകാരമാണ്

	1981-82	1982-83
പ്ലൈവുഡ്	63718 ക്യൂ. മീ.	8930 ക്യൂ. മീ.
മാച്ചുവുഡ്	10881 ,, ,,	2436 ,, ,,
പാക്കിംഗ് കേസ്വുഡ്	15086 ,, ,,	3508 ,, ,,
ബോബിൻവുഡ്	3157 ,, ,,	1013 ,, ,,
പെൻസിൽ വുഡ്	2693 ,, ,,	588 ,, ,,
പലവക	1558 ,, ,,	381 ,, ,,

7-7-1983-ലെ സർക്കാർ ഉത്തരവുപ്രകാരം 1-4-1983 മുതൽ കോട്ടാ സംപ്രദായത്തിൽ വെള്ള മരം അനുവദിക്കുന്നത് നിർത്തലാക്കി.

സീറ്റ് സെക്ഷൻ, റെയിഞ്ച് എന്നിവയുടെ പുനഃസംഘടന

1024 [1525] ശ്രീ. കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനസംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയുന്നവിധം ബീറ്റ് സെക്ഷൻ റെയിഞ്ച് എന്നിവ പുനർനിർണ്ണയം നടത്താൻ ആലോചനയുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഈ കാര്യം പരിഗണിക്കുമോ ?

ഉത്തരം

വനസംരക്ഷണം കൂടുതൽ ഫലപ്രദമാക്കുവാനും വനസംരക്ഷണ ഉദ്യോഗസ്ഥൻമാരുടെ അധികാരപരിധി ശാസ്ത്രീയമായി പുനർനിർണ്ണയം ചെയ്യുവാനുമുള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്.

സൈലന്റ് വാലിയിലെ വനംവകുപ്പു ഉദ്യോഗസ്ഥൻമാർക്ക്

ആധുനിക വാർത്താവിനിമയ ഉപകരണങ്ങൾ

1025 [1526] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സൈലന്റ്വാലി നാഷണൽ പാർക്കിലെ വനംവകുപ്പുദ്യോഗസ്ഥൻമാർക്ക് ആധുനിക വാർത്താവിനിമയ ഉപകരണങ്ങൾ നൽകുവാൻ ഗവൺമെന്റിന് ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവ എന്നത്തേക്ക് നൽകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വയർലെസ്സ് സെറ്റുകൾ വാങ്ങുന്നതിന് ആവശ്യമായ അനുവാദത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ട്. അനുവാദം കിട്ടുന്ന മുറയ്ക്ക് മാത്രമേ വയർലെസ്സ് സെറ്റുകൾ വാങ്ങുവാൻ സാധിക്കുകയുള്ളൂ. കഴിയുന്നതും 1987 മാർച്ച് മാസത്തിനു മുൻപ് വയർലെസ്സ് സെറ്റുകൾ നൽകണമെന്നാണ് ഉദ്ദേശിക്കുന്നത്.

സൈലന്റ് വാലിയിൽ പരിസ്ഥിതി സംരക്ഷണ പഠന ഗവേഷണകേന്ദ്രം

1026 [1527] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സൈലന്റുവാലിയിൽ പരിസ്ഥിതി സംരക്ഷണ പഠന ഗവേഷണ കേന്ദ്രം തുടങ്ങാൻ ഗവൺമെന്റിന് ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് സൈലന്റുവാലിയിലെ സസ്യങ്ങളെയും വന്യജീവികളെയും കുറിച്ച് ശാസ്ത്രീയ പഠനം നടത്തുകയാണ് മുഖ്യ ഉദ്ദേശം.

വനസംരക്ഷണ സേനാംഗങ്ങൾക്ക് സംരക്ഷണം

1027 [1528] ശ്രീ. കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യത്തിന് വനം വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

കാട്ടുകൊള്ളക്കാരുടെ ആക്രമണങ്ങളിൽനിന്നും വനം സംരക്ഷണസേനാംഗങ്ങളെ സംരക്ഷിക്കുവാൻ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

സംരക്ഷണ ജീവനക്കാരുടെ സംഖ്യാബലം വർദ്ധിപ്പിക്കുന്നതിനും സാഹചര്യത്തിനനുസരിച്ച് വിന്യസിക്കുന്നതിനും അവർക്കു ആയുധങ്ങളും വെടിക്കോപ്പുകളും നൽകുന്നതിനും കൂടുതൽ പാർപ്പിട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വാർത്താവിനിമയ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കൂടുതൽ വാഹന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കുറ്റകൃത്യങ്ങളെപ്പറ്റി സൂചന നൽകുന്നവരെ പ്രോത്സാഹിപ്പിക്കുവാൻ പാരിതോഷികങ്ങൾ നൽകുന്നതിനും ഉതകുന്ന ഒരു സമഗ്രമായ പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഇതിൽ തീരുമാനമാകുമ്പോൾ വനസംരക്ഷണ ജീവനക്കാരുടെ പ്രശ്നങ്ങൾ ഒരളവുവരെ പരിഹരിക്കപ്പെടും.

പുതിയ വന നിയമം

1028 [1531] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് വനംവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

പുതിയ വനനിയമം കൊണ്ടുവരാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly